# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റി

**25.03.2013–ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ച കഴിഞ്ഞ് 2.30–ന് ബഹു. പഞ്ചായത്തുവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ അദ്ദേഹത്തിന്റെ ചേമ്പറിൽ ആരംഭിച്ചു.

സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 19.03.2013–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012–13 വാർഷിക പദ്ധതി അവലോകനം

സംസ്ഥാനത്ത് മാർച്ച് 23 വരെ ഗ്രാമപഞ്ചായത്തുകൾ 44.97 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 69 ശതമാനവും, മുനിസിപ്പാലിറ്റികൾ 37 ശതമാനവും, കോർപ്പറേഷനുകൾ 30 ശതമാനവും തുക ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടു.

**2.2** ഇ.എം.എസ്. ഭവന പദ്ധതിക്കായി മുൻകാലങ്ങളിൽ വായ്പ എടുത്ത തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതിന്റെ കണക്കുകൾ പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. 2013 ഏപ്രിൽ 30–നകം പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് നൽകുകയോ അല്ലാത്തപക്ഷം തിരിച്ചടയ്ക്കുകയോ ചെയ്യാൻ നിർദ്ദേശം നൽകി തീരുമാനിച്ചു. ഏപ്രിൽ 30–നുശേഷം പ്രസ്തുത അക്കൗണ്ടിൽ തുകയൊന്നും ബാക്കിയില്ലായെന്ന് ഉറപ്പാക്കേണ്ടത് സെക്രട്ടറിമാരുടെ ഉത്തരവാദിത്വമായിരിക്കുമെന്നും നിർദ്ദേശിച്ചു.

**2.3** വികസന അതോറിട്ടി വായ്പാ തിരിച്ചടവ് പശ്ചാത്തല മേഖലയിൽ നിന്നും നടത്താൻ 31.03.2012–ലെ ജി.ഒ.(എം.സ്)92/12 തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത് മേഖല പരിഗണിക്കാതെ ഒടുക്കാൻ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

**2.4** ഹോംകോ, മെഡിക്കൽ സർവീസ് കോർപ്പറേഷൻ എന്നീ അംഗീകൃത സ്ഥാപനങ്ങൾ നൽകുന്ന ഇൻവോയ്സ് പ്രകാരം മുൻകൂർ തുക ട്രഷറിയിൽ നിന്ന് പിൻവലിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

**2.5** വികസനഫണ്ടിൽ ചെലവാകാതെ ബാക്കിയുള്ള തുക ഇ.എം.എസ്. ഭവന പദ്ധതിയുടെ മുതൽ തിരിച്ചടയ്ക്കാൻ ഉപയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

**2.6** കാർഷിക മേഖലയിലെ വിള ഇൻഷ്വറൻസ് ഈ വർഷത്തേക്ക് ഒഴിവാക്കി.തീരുമാനിച്ചു.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 നന്മണ്ട പഞ്ചായത്ത് (ഫയൽ 2002/എഫ്.എം.3/13/തസ്വഭവ)**
**തീയതി 25.03.2013**

കണിയാമല കുടിവെള്ള പദ്ധതിക്ക് കുടിശ്ശിക വൈദ്യുതി ചാർജ്ജായി അടച്ച തുക തിരികെ നൽകാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 മുളക്കുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 62528/എ.സി1/12/തസ്വഭവ**
**തീയതി. 25.03.2013**

മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച് വകുപ്പുതലത്തിൽ തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.9667/ഡി.ബി.1/13/തസ്വഭവ)**

**തീയതി. 25.03.2013**

സെൻട്രൽ ജയിൽ വിട്ടുകിട്ടിയ സ്ഥാപനമല്ലാത്തതിനാൽ ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 15194/എഫ്.എം. 3/13/തസ്വഭവ)**
**തീയതി. 25.03.2013**

വികസനഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ഭാരത് സേവക് സമാജ് (ഫയൽ നം. 10867/ഐ.ബി.2/13/തസ്വഭവ)**
**തീയതി .25.03.2013**

വിഷയം കുടുംബശ്രീ മിഷൻ പരിഗണിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് (തീയതി .25.03.2013)**

13.003.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനമനുസരിച്ച് നടപടിയെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് (തീയതി. 25.03.2013)**

മാറഞ്ചേരി ഹെൽത്ത് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പെരുമ്പടപ്പ് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 രാമനാട്ടുകര ഗ്രാമപഞ്ചായത്ത് (തീയതി. 25.03.2013)**

പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കുന്നതോടൊപ്പം ഈ വർഷത്തെ വ്യതിയാനം അടുത്ത വർഷത്തെ പ്രോജക്ടിൽ ക്രമപ്പെടുത്തണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് (തീയതി.25.03.2013)**

പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ ടാർ വാങ്ങിയതുമായി ബന്ധപ്പെട്ട ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പെുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് (തീയതി. 25.03.2012)**

സ്ക്കൂളുകളിൽ പച്ചക്കറി കൃഷി നടത്താനുദ്ദേശിക്കുന്ന പ്രോജക്ടിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ഓമല്ലൂർ ഗ്രാമപഞ്ചായത്ത് (തീയതി. 25.03.2013)**

ഗ്രാമപഞ്ചായത്തിന് വാഹനം വാങ്ങുന്നതിനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കീഴൂർ– ചാവശ്ശേരി– പായം ഗ്രാമപഞ്ചായത്തുകൾ**
**(ഫയൽനം.71063/ഡി.എ2/12/തസ്വഭവ) തീയതി.25.03.2013**

പെൺകുട്ടികൾക്ക് ആയോധനകല അഭ്യസിപ്പിക്കാനുള്ള ഏജൻസികൾ അംഗീകൃതമാണോ, ഏതുതരം പരിശീലനമാണ് ഉദ്ദേശിക്കുന്നത്, ഗുണഭോക്താക്കളുടെ വിവരങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കിയശേഷം പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പാണഞ്ചേരി ഗ്രാമപഞ്ചായത്ത് (ഫയൽനം.17895/ഡി1എ2/13/തസ്വഭവ)**
**തീയതി.25.03.2013**

ട്രൈബൽ ഹോസ്റ്റൽ പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത സ്ഥാപനമായതിനാൽ പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കേണ്ട തില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കരുനാഗപ്പള്ളി നഗരസഭ (ഫയൽനം.61447/ഡി.സി.3/13/തസ്വഭവ)**
**തീയതി.25.03.2013**

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറുമായി ആലോചിച്ച് ഈ വിഷയത്തിൽ തീർപ്പുണ്ടാക്കണമെന്നും വിവരം അടുത്ത് കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മഞ്ചേരി നഗരസഭ (തീയതി.25.03.2013)**

നഗരസഭ തയ്യാറാക്കിയ പ്രോജക്ടുകളിൽ ആരംഭിക്കാത്തവ ഉപേക്ഷിക്കാൻ നിർദ്ദേശം നൽകാനും പ്രവൃത്തി തുടങ്ങിയവയെ സംബന്ധിച്ച് നഗരസഭയുടെ ആവശ്യം അംഗീകരിക്കാനും തീരുമാനിച്ചു. അങ്ങനെയുണ്ടാകുന്ന ബാധ്യത തീരും വരെ തനത് ഫണ്ട് ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കരുതെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്**
**(ഫയൽ നം. 16811/ഡി.ഡി.2/13/തസ്വഭവ) തീയതി. 25.03.2013**

ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് നിർദ്ദേശിക്കപ്പെട്ട ആനുകൂല്യം നൽകണമെന്ന ഉപാധിയോടെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 നാവായിക്കുളം ഗ്രാമപഞ്ചായത്ത് (തീയതി 25.03.2013)**

എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകാനുള്ള ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു. കിടാരി വിതരണം ചെയ്യുന്നതിന് 25000 രൂപയിൽ താഴെ വരുമാനമുള്ളവരെന്നുള്ള വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ നിശ്ചയിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 രാമനാട്ടുകര ഗ്രാമ പഞ്ചായത്ത് (തീയതി 25.03.2013)**

പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന കുഴൽക്കിണർ പദ്ധതിക്കുള്ള തടസ്സം സംബന്ധിച്ച് എൽ,എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് (തീയതി 25.03.2013)**

ലോക ബാങ്ക് ധനസഹായം റിലീസ് ചെയ്യുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽ തീരുമാനമായതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 തൊടുപുഴ നഗരസഭ (ഫയൽ നം. 19236/ഡി.ബി.3/13/തസ്വഭവ)**
**തീയതി 25.03.2013**

നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് നൽകാവുന്ന അഡ്വാൻസ് തുക മാത്രമേ കോസ്റ്റ് ഫോർഡിന് നൽകാവൂ എന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 9337/ഡി.ബി.3/13/തസ്വഭവ)**
**തീയതി 25.03.2013**

ജില്ലാ പോലീസ് നടപ്പാക്കിയ പരിപാടിക്ക് ജില്ലാ പഞ്ചായത്തിനുള്ള പങ്കും ഉത്തരവാദിത്വവും ഉൾപ്പെടെയുള്ള വിശദ വിവരം ലഭ്യമാക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കൺസൽട്ടേറ്റീവ് കമ്മിറ്റി (ഫയൽ നം. 18161/എഫ്.എം.1/13/തസ്വഭവ)**
**തീയതി 25.03.2013**

ചെയർമാന് വാഹനം വാങ്ങുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 76149/എഫ്.എം.2/12/തസ്വഭവ) തീയതി 25.03.2013**

ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന വിജ്ഞാൻ സാഗർ പദ്ധതിക്ക് തൃശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഭവ സമാഹരണത്തിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 കോട്ടയം നഗരസഭ (ഫയൽ നം. 16231 /ഡി.ബി.3/13/തസ്വഭവ) തീയതി.25.03.2013**

പാലിയേറ്റീവ് കെയറിന് വാഹനം വാങ്ങുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചു. ഡ്രൈവറുടെ ചെലവ് തുടങ്ങിയ ആവർത്തന ചെലവുകൾ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി നിർവഹിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 ബഹു.തൊഴിൽ-പുനരധിവാസ വകുപ്പു മന്ത്രിയുടെ കുറിപ്പ് (ഫയൽ നം. 18557 /എഫ്.എം1/13/തസ്വഭവ) തീയതി 25.03.2013**

പഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടില്ലാത്ത സ്ഥാപനമാണ് ഐ.ടി.ഐ എന്നതിനാൽ അവയ്ക്ക് ഭൂമി വാങ്ങുന്നതിന് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ കഴിയില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 ഐക്കരനാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 17474/ഡി.എ.2/13/തസ്വഭവ) തീയതി 25.03.2013**

ഗ്രാമപഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിച്ച മരാമത്ത് പണികളെ സംബന്ധിച്ച പഞ്ചായത്തിന്റെ ആവശ്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് തീയതി 25.03.2013**

ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് പരിഗണിച്ച് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 മുളക്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 3165/ഡി.ബി.3/13/തസ്വഭവ) തീയതി 25.03.2013**

3.24 ഇനം തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 പന്തളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 19229/ഡി.ബി.3/13/തസ്വഭവ) തീയതി 25.03.2013**

3.24 ഇനം തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ഇന്ദിരാ ആവാസ് യോജന (ഫയൽ നം. 18302/ഡി.ഡി1/13/തസ്വഭവ)**
**തീയതി 25.03.2013**

ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധിക ധനസഹായം ലഭ്യമാക്കുന്ന പ്രോജക്ടുകൾക്ക് അംഗീകാരത്തിനു വേണ്ടിയുള്ള സൗകര്യം ചെയ്യുന്നതിന് ഐ.കെ.എം.ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് യോഗം നിരിക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 മൂടാടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 165821/ഡി.ഡി2/13/തസ്വഭവ)**
**തീയതി 25.03.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കുന്നതോടൊപ്പം ഫണ്ടിലെ വ്യതിയാനം അടുത്ത വർഷം ക്രമീകരിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**
**(ഫയൽ നം. 8969/ഡി.ബി1/13/തസ്വഭവ) തീയതി 25.03.2013**

ജില്ലാ പഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് തീയതി. 25.03.2013**

റോഡ് നിർമ്മാണത്തിൽ പുതിയ പ്രവൃത്തിയിൽ പദ്ധതി വിഹിതം ഉപയോഗിക്കുന്നതിനോടൊപ്പം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 എടപ്പറ്റ ഗ്രാമപഞ്ചായത്ത് തീയതി 25.03.2013**

2013-14 ബഡ്ജറ്റ് വിഹിതം കുറവു ചെയ്തതു സംബന്ധിച്ച വിഷയം പിന്നീട് ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 ഊരകം ഗ്രാമപഞ്ചായത്ത് തീയതി 25.03.2013**

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ ടാറിംഗ് പ്രവൃത്തികൾ ചെയ്യാൻ പാടില്ലെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് തീയതി 25.03.2013**
**(ബഹു. പട്ടികവർഗ വികസന-യുവജനകാര്യ മന്ത്രിയുടെ കുറിപ്പ് സഹിതം)**

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ പണിച്ചിപ്പാലം- പുതിയിടം റോഡിന്റെ ശേഷിക്കുന്ന 260 മീറ്റർ ഭാഗത്തിന്റെ ടാറിംഗ് ജോലികൾ ജനറൽ ഫണ്ട് ഉപയോഗിച്ച് നിർവഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് തീയതി 25.03.2013**
**(ബഹു. വൈദ്യുതി മന്ത്രിയുടെ കുറിപ്പ് സഹിതം)**

വികലാംഗർക്ക് അധിക വീൽ ഘടിപ്പിച്ച ഇരുചക്ര വാഹനം നൽകുന്നതിന് വികലാംഗ കോർപ്പറേഷൻ അംഗീകരിച്ച നിരക്ക് അവലംബിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 പൂവാർ ഗ്രാമപഞ്ചായത്ത് തീയതി 25.03.2013**

വാടക കുടിശ്ശിക നൽകുന്നതിന് തനത് ഫണ്ടിൽ തുക ലഭ്യമല്ലാത്തതിനാൽ പ്ലാൻ ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള പഞ്ചായത്തിന്റെ നിർദ്ദേശം ഈ വർഷത്തേക്ക് മാത്രമായി അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് തീയതി 25.03.2013**

ജില്ലാ പഞ്ചായത്തിൽ നിന്ന് വിഹിതം ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകാനാവാത്തതിനാൽ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് തീയതി 25.03.2013**
**(കേരള പഞ്ചായത്ത് അസോസിയേഷൻ മുഖേന)**

നിർദ്ധനരായ രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് സാമൂഹ്യ സുരക്ഷാ മിഷൻ ഇപ്പോൾ തന്നെ ധനസഹായം നൽകുന്നുണ്ട്. അത് 525 രൂപയിൽ നിന്ന് 900 രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. അതിനാൽ പ്രത്യേക യൂണിറ്റ് രൂപീകരിക്കാനാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമാക്കുന്നതെങ്കിൽ പ്രത്യേക പ്രൊപ്പോസൽ സമർപ്പിക്കണമെന്നു നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.41 മേലടി ബ്ലോക്ക് പഞ്ചായത്ത് തീയതി 25.03.2013**

വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനുള്ള സംയുക്ത പ്രോജക്ടിൽ ഗ്രാമപഞ്ചായത്തുകൾ വിഹിതം വയ്ക്കാത്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 42 കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷന്റെ നിവേദനം**
**തീയതി. 25.05.2013**

2013-14 വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ ഓൺ ലൈൻ ഡാറ്റാ എൻട്രി സംബന്ധിച്ചും, ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രോജക്ടുകളുടെ മിനിമം അടങ്കൽ സംബന്ധിച്ചു, 2013-14 വർഷത്തെ ഐ.എ.വൈ ഭവന പദ്ധതിയിലെ സർക്കാർ വിഹിതത്തെ സംബന്ധിച്ചും പിന്നീട് ചർച്ച ചെയ്യുന്നതാണെന്ന് തീരുമാനിച്ചു. ബ്ലോക്ക് പഞ്ചായത്തുകളുടെ 2013-14 സാമ്പത്തിക വർഷത്തെ ബജറ്റ് അലോക്കേഷനിലെ കുറവ് സംബന്ധിച്ച്

ധനകാര്യ വകുപ്പുമായി ബന്ധപ്പെടാൻ നിർദ്ദേശിച്ച് തീരുമാനിച്ചു. ഐ.എ.വൈ. ഭവന പദ്ധതിക്ക് 2012-13 വർഷം സർക്കാർ വിഹിതം ഇതിനോടകം വർദ്ധിപ്പിച്ചിട്ടുള്ളതായും നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.43 നായരമ്പലം ഗ്രാമപഞ്ചായത്ത് തീയതി. 25.05.2013**

സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള കായിക പരിശീലന സ്ഥാപനങ്ങൾക്ക് പരിശീലന ഉപകരണങ്ങൾ നൽകുന്നതിന് തനത് ഫണ്ട് ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു. വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾക്കായി തയ്യൽ മെഷീൻ വാങ്ങി നൽകുന്നതിന് സബ്സിഡി നൽകാൻ പാടില്ല എന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.44 കോഴിക്കോട് കോർപ്പറേഷൻ തീയതി 25.03.2013**

ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്താതെ ഭൂമിയുടെ അക്വസിഷൻ നടത്തിയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. എന്നിരുന്നാലും പശ്ചാത്തല മേഖലയിൽ മിച്ചം ഫണ്ട് ലഭ്യമാണെങ്കിൽ അക്വസിഷൻ നഷ്ടപരിഹാര തുക നൽകാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.45 പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് തീയതി. 25.03.2013**

പഞ്ചായത്തിൽ ആരംഭിച്ച ബഡ്സ് സ്ക്കൂളിന് 2013-14 വർഷത്തിൽ അംഗീകാരം വാങ്ങിയിരിക്കണം എന്ന നിബന്ധനയക്ക് വിധേയമായി, ബഡ്സ് സ്ക്കൂളിനു വേണ്ടിയുള്ള 2012-13 വർഷത്തെ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.46 അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് തീയതി. 25.03.2013**

പഞ്ചായത്തിന്റെ ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്ടിന് അംഗീകാരം നൽകി തീരുമാനിച്ചു. എന്നാൽ സാധനസാമഗ്രികൾ ആർജ്ജിക്കാൻ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം വൈകുന്നേരം 4.45-ന് അവസാനിച്ചു)**